പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 99** **28.11.2018-ൽ മറുപടിയ്ക്ക്**

## <u>കൊച്ചി മെട്രോ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള ഒന്നാം ഘട്ട നിർമ്മാണത്തിൽ ഉൾപ്പെട്ട 25.612 KM-ൽ 18 KM ഭാഗം ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നു. ശേഷിച്ച 7.612 കിലോമീറ്റർ ഭാഗത്ത് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച വരുന്നു. ഇതിൽ മഹാരാജാസ് മുതൽ തൈക്കുടം വരെയുള്ള ഭാഗം 2019 ജൂണിലും, തൈക്കുടം മുതൽ പേട്ട വരെയുള്ള ഭാഗം 2019 ഡിസംബറിലും കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത മെട്രോ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | (ബി) | ഒന്നാം ഘട്ടം ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള (ഘട്ടം - IA)-യുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എസ്. എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെയുള്ള (ഘട്ടം - IB) ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ച വരുന്നു. |

| | | | |
|---|---|---|---|
| (സി) | യാത്രക്കാർക്ക് പ്രയോജനകരമാകുന്നതിനും കൊച്ചി മെട്രോയുടെ വരുമാനം വർദ്ധിക്കുന്നതിനും സഹായകമാകുന്ന രീതിയിൽ മെട്രോ സർവ്വീസ് തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ? | (ഡി) | പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള (ഘട്ടം - IA) പദ്ധതി 2021 ഡിസംബറിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. എസ്.എൻ ജംഗ്ഷൻ - തൃപ്പൂണിത്തുറ സ്ട്രെച്ച് (ഘട്ടം - IB) പദ്ധതി റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ